കേരള സർക്കാർ

നം: 49827/ജി3/09/പൊ.വി.വ.

പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്
തിരുവനന്തപുരം
തീയതി 29/4/2010.

## സർക്കുലർ

വിഷയം: പൊതുവിദ്യാഭ്യാസം - മൊബൈൽ ഫോൺ ഉപയോഗം നിയന്ത്രിക്കുന്നത് - സംബന്ധിച്ച്

സൂചന: 1) 1/3/2005-ലെ സ.ഉ.(സാധാ) 346/05/ഉ.വി.വ. നമ്പർ സർക്കാർ ഉത്തരവ്.

2) 24/6/2005-ലെ .സ.ഉ.(സാധാ) 1102/05 ഉ.വി.വ. നമ്പർ സർക്കാർ ഉത്തരവ്.

ആധുനിക വിവര വിനിമയ സങ്കേതങ്ങളിൽപ്പെട്ട മൊബൈൽ ഫോണുകൾ സാമൂഹികമായി ചെലുത്തുന്ന സ്വാധീനം വളരെ വലുതാണ്. വളരെ ചുരുങ്ങിയ ഉപയോഗം മാത്രം ഉണ്ടായിരുന്ന മൊബൈൽ ഫോണുകൾ ഇന്ന് വിപുലമായ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു. അനഭിലഷണീയമായ കാര്യങ്ങൾക്കായി മൊബൈൽ ഫോണുകൾ ഉപയോഗിക്കുന്ന പ്രവണത നാൾക്കുനാൾ ഏറിവരികയാണ്. സ്കൂൾ അന്തരീക്ഷത്തിൽ മൊബൈൽ ഫോണുകളുടെ ഉപയോഗം ഒട്ടേറെ പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. സൂചന1-ലെ സർക്കാർ ഉത്തരവ് പ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്തിക്സ് കമ്മിറ്റികൾ രൂപീകരിക്കുവാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് സൂചന രണ്ട് പ്രകാരം വിദ്യാർത്ഥികൾ വിദ്യാലയങ്ങളിൽ മൊബൈൽ ഫോൺ ഉപയോഗിക്കുവാൻ പാടില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അദ്ധ്യാപകർ മൊബൈൽ ഫോൺ ക്ലാസ്സിൽ കൊണ്ടുപോകാൻ പാടില്ല. ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന വിദ്യാർത്ഥികൾക്കെതിരെയും അദ്ധ്യാപകർക്കെതിരെയും നടപടി സ്വീകരിക്കുവാൻ സ്ഥാപനമേധാവിക്കും എത്തിക്സ് കമ്മിറ്റിക്കും അധികാരം നൽകിയിട്ടുണ്ട്. എങ്കിൽ പോലും മൊബൈൽ ഫോണിന്റെ ദുരുപയോഗം നാൾക്കുനാൾ ഏറിവരുകയാണ്.

സംസ്ഥാനത്തെ സ്കൂളുകളിൽ മൊബൈൽ ഫോണിന്റെ ദുരുപയോഗം തടയുന്നത് സംബന്ധിച്ച് ചർച്ച ചെയ്യാൻ 2009 സെപ്തംബർ 9-ാം തീയതി പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. മൊബൈൽ ഫോൺ പൂർണ്ണമായി നിരോധിക്കുന്നത് വഴി കുട്ടികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് പി.ടി.എ.യുടെ സഹകരണത്തോടെ ഒരു കോയിൻ ടെലഫോൺ ബൂത്ത് സ്കൂളിൽ സ്ഥാപന മേധാവിയുടെ ഓഫീസ് മുറിക്ക് അടുത്തായി സ്ഥാപിക്കണമെന്ന

അഭിപ്രായം ചർച്ചയിൽ ഉയർന്നുവന്നു. മൊബൈൽ ഫോൺ ദുരുപയോഗത്തിനെതിരെ കേരള എഡ്യൂക്കേഷൻ റൂളിൽ ആവശ്യമായ ചട്ടം ഉൾപ്പെടുത്തിയിട്ടില്ലെന്ന് കണ്ടെത്തിയതിനാൽ മൊബൈൽ ഫോൺ ഉപയോഗ നിരോധനം സ്കൂളുകളിൽ കർശനമായി നടപ്പിൽ വരുത്തുന്നതിന് വിദ്യാഭ്യാസ നിയമം അദ്ധ്യായം IX-ൽ (General Rules & Discipline) വിദ്യാർത്ഥികൾ സ്കൂളുകളിൽ മൊബൈൽ ഫോൺ കൊണ്ടുവരാൻ പാടില്ലെന്ന നിയമം കൂട്ടിചേർത്ത് ഭേദഗതി ചെയ്യുന്നതിന് നടപടി കൈക്കൊള്ളുവാൻ തിരുമാനിച്ചിട്ടുണ്ട്. അദ്ധ്യാപകർ മൊബൈൽ ഫോൺ ക്ലാസ്സുകളിൽ കൊണ്ടുപോകാൻ പാടില്ലെന്നും അതിന്റെ ഉപയോഗം സ്റ്റാഫ് റൂമിൽ മാത്രമായി പരിമിതപ്പെടുത്തണമെന്നും ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന അദ്ധ്യാപകരുടെയും സ്കൂളിൽ മൊബൈൽ ഫോൺ കൊണ്ടുവരുന്ന വിദ്യാർത്ഥികളുടെയും മൊബൈൽ ഫോണുകൾ കണ്ടുകെട്ടുന്നതും ലേലം വിളിച്ചോ അല്ലാതെയോ പി.ടി.എ. ഫണ്ടിലേയ്ക്ക് മുതൽ കൂട്ടാവുന്നതുമാണെന്നും ആയതിന് സ്ഥാപന മേധാവികളെ ചുമതപ്പെടുത്താവുന്നതാണെന്നുമുള്ളതിന് നിയമ പ്രാബല്യം കൊണ്ടുവരാനായി മേൽ പറഞ്ഞ പ്രകാരം കെ.ഇ.ആർ-ൽ ചട്ടം ഉൾപ്പെടുത്തുവാനും യോഗം തീരുമാനിച്ചിട്ടുണ്ട്.

വിദ്യാർത്ഥികൾ മാത്രമല്ല, സ്ഥാപന മേധാവികൾ, അദ്ധ്യാപകർ, മറ്റു ജീവനക്കാർ എന്നിവർ ക്ലാസ് മുറികൾ, ലബോറട്ടറികൾ, ലൈബ്രറികൾ, കളിസ്ഥലങ്ങൾ, സ്കൂൾ കാമ്പസ്സിലെ പൊതു ഇടങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ ഫോൺ ഉപയോഗിക്കാറുണ്ട്. വിദ്യാർത്ഥികളിൽ മൂല്യബോധം രൂപപ്പെടുത്തേണ്ടവരും ഇത്തരം കാര്യങ്ങളിൽ മറ്റുള്ളവർക്ക് മാതൃകയാകേണ്ടവരും തന്നെയാണ് അറിഞ്ഞോ അറിയാതെയോ തെറ്റായി പ്രവർത്തിക്കുന്നത്. അതിനാൽ അദ്ധ്യാപകർ, അനദ്ധ്യാപകർ തുടങ്ങി മുഴുവൻ സ്കൂൾ ജീവക്കാരും സ്കൂൾ സന്ദർശിക്കുന്ന പൊതുജനങ്ങളും സ്കൂളിലെ മേൽ പറഞ്ഞ പൊതു ഇടങ്ങളിൽ മൊബൈൽ ഫോൺ ഉപയോഗിക്കരുത് എന്ന് തീരുമാനിക്കേണ്ടതാണ്. വിദ്യാർത്ഥികൾ, അദ്ധ്യാപകർ/അനദ്ധ്യാപകർ എന്നിവർക്ക് അത്യാവശ്യഘട്ടങ്ങളിൽ ഫോൺ ഉപയോഗിക്കണമെങ്കിൽ കോയിൻ ഫോൺ സൗകര്യം സ്കൂൾ അധികാരികൾ ഏർപ്പെടുത്തേണ്ടതാണ്.

സൂചന1-ലെ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ള എത്തിക്സ് കമ്മിറ്റി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്കൂളുകളിൽ താഴെപറയും വിധം ആകേണ്ടതാണ്.

| | | |
|---|---|---|
| ചെയർമാൻ | - | പി.ടി.എ.പ്രസിഡന്റ് |
| വെസ് ചെയർമാൻ | - | മദർ പി.റ്റി.എ. പ്രസിഡണ്ട് |
| കൺവീനർ | - | പ്രിൻസിപ്പാൾ/ഹെഡ്മാസ്റ്റർ അഥവാ ഹെഡ്മിസ്ട്രസ് |
| ജോയിന്റ് കൺവീനർമാർ | - | 1. സ്റ്റാഫ് സെക്രട്ടറി<br>2. സ്കൂൾ ലീഡർ |

അംഗങ്ങൾ - 1. എൻ.എസ്.എസ്. വിദ്യാർത്ഥി പ്രതിനിധി
2. എൻ.സി.സി./ സ്കൗട്ട് വിദ്യാർത്ഥി പ്രതിനിധി
3. പി.റ്റി.എ. എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ 2 പ്രതിനധികൾ (1 വീതം അദ്ധ്യാപകരിൽ നിന്നും രക്ഷാകർത്താക്കളിൽ നിന്നും) ഇതിൽ ഒന്ന് വനിതാ പ്രതിനിധി ആയിരക്കണം.

സ്ഥാപനം സ്ഥിതി ചെയ്യുന്ന പ്രദേശത്തെ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി വാർഡ് കൗൺസിലർ, പഞ്ചായത്ത് പ്രദേശമാണെങ്കിൽ പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വാർഡ് അംഗങ്ങൾ എന്നിവരെ പ്രത്യേക ക്ഷണിതാക്കളായി യോഗത്തിൽ പങ്കെടുപ്പക്കാവുന്നതാണ്.

മേൽ പറഞ്ഞ കാര്യങ്ങൾ സ്കൂൾ അധികൃതരുടെയും വിദ്യാർത്ഥികളുടെയും രക്ഷകർത്താക്കളുടെയും ശ്രദ്ധയിൽകൊണ്ടുവരുവാൻ ഔദ്യോഗിക സംവിധാനം വഴിയും പത്ര-ദൃശ്യമാധ്യമങ്ങൾ വഴിയും ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

ജെയിംസ് വർഗ്ഗീസ്
ഗവൺമെന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഹയർ സെക്കണ്ടറി ഡയറക്ടർ, തിരുവനന്തപുരം
വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, വിവരപൊതുജനസമ്പർക്ക വകുപ്പ്
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും ( ,,)
എല്ലാ ഹയർ സെക്കണ്ടറി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
(ഹയർ സെക്കണ്ടറി ഡയറക്ടർ മുഖേന)
എല്ലാ വൊക്കേഷണൽ ഹയർ സെക്കണ്ടറി അസിസ്റ്റന്റ് ഡയറക്ടർമാർക്കും
(വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടർ മുഖേന)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

എൻഡോഴ്സ്മെന്റ് നം. എ.സി.ഡി. ബി1/19736/ഹ.സെ.വി. 19.05.2010.

കേരള സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 29.04.2010 ലെ 49827/ജി3/09/പൊ.വി.വ. നമ്പർ സർക്കുലർ അറിവിലേക്കും അനന്തര നടപടികൾക്കുമായി.

ഒപ്പ്
ഡയറക്ടർ
ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ്.